# നന്മ ചെയ്യുന്ന ഏതു പ്രവര്‍ത്തനവും സുവിശേഷവത്കരണം: കാതോലിക്കാ ബാവ



തിരുവല്ല: മനുഷ്യനു നന്മചെയ്യുന്ന ഏതു പ്രവര്‍ത്തനവും സുവിശേഷവത്കരണത്തിന്റെ ഭാഗമാണെന്നു മേജര്‍ ആര്‍ച്ച്ബിഷപ് മാര്‍ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവ. മലങ്കര കത്തോലിക്കാ സഭ വൈദികസംഗമം സെന്റ് ജോണ്‍സ് മെത്രാപ്പോലീത്തന്‍ കത്തീഡ്രല്‍ ഹാളില്‍ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

വൈദികവൃത്തി വെല്ലുവിളികള്‍ നിറഞ്ഞതാണ്. ത്യാഗത്തിന്റെയും സേവനത്തിന്റെയും മഹത്വത്തിന്റെയും പൂര്‍ണരൂപം വൈദികനില്‍ ദര്‍ശിക്കേണ്ടതാണ്. പൗരോഹിത്യ ശുശ്രൂഷയുടെ നന്മകള്‍ മനുഷ്യഹൃദയത്തിലേക്ക് എത്തിക്കാന്‍ ജീവിതം മുഴുവന്‍ സമര്‍പ്പണം ചെയ്തവരാണു വൈദികര്‍. സുവിശേഷവത്കരണത്തിന്റെ പന്ഥാവ് വെട്ടിത്തുറക്കാന്‍ വൈദികര്‍ക്കാകണം. ദൈവകൃപയുടെ ശില്പികളാണവര്‍. ദൈവകൃപയിലൂടെ മാത്രമേ സമൂഹത്തിനു നന്മകള്‍ ചെയ്യാനാകൂയെന്നും കാതോലിക്കാ ബാവ പറഞ്ഞു.

സിനഡ് കമ്മീഷന്‍ ചെയര്‍മാന്‍ ഗീവര്‍ഗീസ് മാര്‍ ദിവന്നാസിയോസ് മെത്രാപ്പോലീത്ത അധ്യക്ഷത വഹിച്ച യോഗത്തില്‍ തിരുവല്ല അതിരൂപതാധ്യക്ഷന്‍ ഡോ. തോമസ് മാര്‍ കൂറിലോസ് മെത്രാപ്പോലീത്ത പ്രസംഗിച്ചു. ബിഷപ്പുമാരായ ഗീവര്‍ഗീസ് മാര്‍ തിമോത്തിയോസ്, ജോഷ്വാ മാര്‍ ഇഗ്നാത്തിയോസ്, യൂഹാനോന്‍ മാര്‍ ക്രിസോസ്റ്റം, ഏബ്രഹാം മാര്‍ യൂലിയോസ്, ജോസഫ് മാര്‍ തോമസ്, വിന്‍സന്റ് മാര്‍ പൗലോസ്, ജേക്കബ് മാര്‍ ബര്‍ണബാസ്, തോമസ് മാര്‍ അന്തോണിയോസ്, സാമുവേല്‍ മാര്‍ ഐറേനിയോസ്, ഫിലിപ്പോസ് മാര്‍ സ്തേഫാനോസ്, തോമസ് മാര്‍ യൗസേബിയോസ് തുടങ്ങിയവരും സമ്മേളനത്തില്‍ പങ്കെടുത്തു.

തുടര്‍ന്നു നടന്ന സെമിനാറില്‍ മലങ്കര കത്തോലിക്കാ സഭയിലെ വൈദികരുടെ വിളിയും ദൗത്യവും എന്ന വിഷയത്തില്‍ തൃശൂര്‍ അതിരൂപത സഹായ മെത്രാന്‍ മാര്‍ റാഫേല്‍ തട്ടിലും ആധുനിക കാലഘട്ടത്തില്‍ വൈദികര്‍ നേരിടുന്ന വെല്ലുവിളികളും വിശ്വാസികളുടെ പ്രതീക്ഷകളും എന്ന വിഷയത്തില്‍ എഡിജിപി ഡോ. അലക്സാണ്ടര്‍ ജേക്കബും ക്ലാസ് നയിച്ചു.

ഇന്നു രാവിലെ ഏഴിനു മേജര്‍ ആര്‍ച്ച്ബിഷപ് മാര്‍ ബസേലിയോസ് ക്ലീമിസ് കാതോലിക്കാ ബാവയുടെ മുഖ്യകാര്‍മികത്വത്തിലും സഭയിലെ മറ്റു മെത്രാപ്പോലീത്തമാരുടെ സഹകാര്‍മികത്വത്തിലും കത്തീഡ്രലില്‍ വിശുദ്ധ കുര്‍ബാന. 9.30ന് സുവിശേഷകയായ മലങ്കരസഭ എന്ന വിഷയത്തില്‍ മൂവാറ്റുപുഴ രൂപതാധ്യക്ഷന്‍ ഡോ. ഏബ്രഹാം മാര്‍ യൂലിയോസ് മെത്രാപ്പോലീത്ത ക്ലാസ് നയിക്കും. തുടര്‍ന്നു പൊതുചര്‍ച്ച. ഉച്ചകഴിഞ്ഞ് മേരിഗിരി അരമനയില്‍ കാതോലിക്കാ ബാവയുടെ അധ്യക്ഷതയില്‍ സഭാ സൂനഹദോസ് ആരംഭിക്കും. മലങ്കര കത്തോലിക്കാ സഭയുടെ എല്ലാ വൈദികരും സമ്മേളനത്തില്‍ പങ്കെടുക്കുന്നുണ്ട്.